# Gorettine

digital school magazine



## St GORETTI HSS

PUNALUR

# Forward

*Gorettine* **digital school magazine**

*by the Little kites unit, **St. Goretti H.S.S Punalur***

*presents our creativity, ideas and thoughts.*

*We thank every one who helped us with their valuable contributions*

*in this journey.*

*May the Almighty bless all of us*

***Muhammed Fayaz A.***

***Chief Editor***

# *Contents*


WHAT IS YOUR IDEA ON ROAD SAFETY ?........................................................13
SCIENTIFIC NAMES OF COMMON PLANTS..................................................14
SWACCH JAL – SWACCH BHARAT..................................................................14
THE MAGIC OF FRIENDSHIP............................................................................17
ROAD ACCIDENTS IN INDIA AND PREVENTION.......................................17
JUMBLED WORDS...............................................................................................18
IMPORTANCE OF READING.............................................................................18
INDOMITABLE SPIRIT........................................................................................20
AN AVERAGE HUMAN BODY IN 24 HOURS..................................................21
GALILEO GALILEI................................................................................................21
SPACE SUIT...........................................................................................................22
എന്തു നല്ല പായസം!..................................................................................24
കാട്ടിലെ വടംവലി.........................................................................................24
അമ്മതൻമനോഭാവം........................................................................................25
ചങ്ങമ്പുഴയുടെ ഗ്രാമഭംഗി.............................................................................26
പുഴ...................................................................................................................27
സ്കൂൾദിനങ്ങളെക്കുറിച്ച് ചില ഓർമ്മകൾ.....................................................28
വാഗമണ്ണും പരുന്തുംപാറയും.......................................................................29
ചിപ്കോ പ്രസ്ഥാനം.......................................................................................31
അഹങ്കാരം മൂത്താൽ നിർഭാഗ്യം.....................................................................32
അഴകുള്ള പൂമൊട്ടിൻെറ കഥ..........................................................................32
കൂട്ടുകാരുടെ ഹെയ്ദി (ലില്ലി)........................................................................34
മഴ....................................................................................................................39
കൊല്ലംജില്ല കേരള ചരിത്രത്തിൽ.................................................................39
ഞെക്കുവിളക്കുകൾ.........................................................................................40
സൗന്ദര്യത്തിൻെറ ഗണിതശാസ്ത്രം...............................................................40
Galleria.................................................................................................................44



# St Mariya Goretti



# Rt Rev. Dr Mathias Kappil
**(former Bishop of Punalur)**



# Rt Rev. Dr Selvister Ponnumuthan
## (Bishop of Punalur and our Patron)



# Rev. Dr Christy Joseph
## (School Manager)



# Mridhula T.

**(Principal)**



# Mrs Jaisy Philip

**(Headmistress)**



**Francis Salace**

**(Deputy Headmaster)**



**Abey Joseph**
**(Kites Master)**



**Anumol B**
**(Kites Mistress)**

# Staff



# Editorial Board



Muhammed Fayas A.
**Chief Editor**

## Sub Editors



K. R. Uthara Raji



Blessy Benedict



Muhammed Midlaj



Adarsh A. B.



Selan Sunny



# ENGLISH

## *WHAT IS YOUR IDEA ON ROAD SAFETY ?*

Road traffic safety refers to the method and measure used to prevent road users from being killed or seriously injured. Typical road users include pedestrians ,cyclists ,motorist ,vehicle passengers and passengers to public transport. Road traffic crashes are one of the world's largest public health and injury prevention problems. The problems is all the more acute because the victims are overwhelmingly health before their crashes. Accordingly to WHO,more than 1million people are killed on world's roads each year on roads each year. A report published by WHO in 2004 estimated that some 1.2 million people were killed and 50 million injured in road accidents. Children between 10-19 age mainly die. On neighbourhood

roads where many vulnerable road users,Such as pedestrians and cyclists can be found .Traffic calming can be a tool for road safety. Though not strictly a traffic calming measure mini-traffic circles implanted in normal inter section of neighbourhood streets have been shown to reduce collisions at intersections dramatically. Road accidents are common to us. Many people had died in road in past 2017's. In each minute 5 to10 person die at road in kerala. This is the present stage in kerala. Accidents mainly occur on by-roads.



***Ajmi (9G)***

## SCIENTIFIC NAMES OF COMMON PLANTS

| | |
|---|---|
| Wheat Grass | - Ely mus trachycaulus |
| Onion | - Allium sp. |
| Snake weed | - Gutierrezia spp. |
| Mustard | - Descurainia pinnata. |
| Paddy | - Orysa Sativa |
| Grana | - Bouteloua gracilis |
| Salt Grass | - Distichlis spicata |
| Brome | - Bromus carinatus |
| Alkali Sacaton | - Sporobolus airoides |



***Shincy (9H)***

## SWACCH JAL – SWACCH BHARAT

Jal means water, is the essential need of a society. Water,Shelter,Food,Dress are The primary needs of a society. Without water we can't live. Main means of water are ground,atmospheric.ground water are mainly used for drinking, bathing etc . Recently,study s are telling us that out of 44 rivers in kerala,27 are polluted with harmful toxics etc. Pamba river of pathanamitta district is the most polluted. Without food we could live for many days, but without clean water we can't survive at least for a couple of days.

Swachh jal or clean water is the basic concept of a society. Water is

needed for Our sustainable needs. Water is mainly used for drinking and also for agriculture. Can you think of a society living without agriculture?.Or you just even think of it. Water is connected with others like a chain or a network. When we hear the term Swachh jal, we should think of supplying clean water to the society. Swachh jal is the milestone for developing India. Un clean water causes many harmful diseases like typhoid etc.A healthy family makes a healthy society, Healthy society makes a healthy city. Healthy city makes a Healthy state. A healthy state makes a healthy country. Main threat of un clean water that mosquitoes will spread through it. It would cause diseases like chicken pox,dengue,Malaria etc.

Mainly there are 3 types of pollution. They are soil,Air,Water.Soil and water pollution will ultimately result in water pollution. Let me give one example. In the States of tamilnadu etc.chemical pesticides are being sprayed on plants. They will be there on plants until rainfall occurs. During rain the chemical gets mixed with the water and goes under the ground and mixes with ground water or well water. This resulted in water pollution. Clean water resources is the primary mile stone to be like the developed countries like Switzerland, France are a big examples for preserving their water resources and cleaning them. There is a probable question arising on this matter. That is, what we could do to help to regain the cleanliness of this water resources, Answers might be we should organize programmes for cleaning our water bodies. It should have people support to or We should organize Programmes as a part of Swachh bharat abhiyan.Definetly Children could give a moral to others.So, classes, seminars etc could be conducted for children. They will pass information to others.thus; it could give a massive support. Presently, In Kerala NCC,NSS,JRC,YRC units are there is many school.Organise a massive programmes with students they could help

in cleaning and other purposes. The main virus is that is E-coli spreads through water. This results in cholera. Sanitation near the water bodies cause e-coli.Recently, Kerala has been declared as a state free of sanitation near the water bodies. It is been detail given in the textbook of STD 7$^{th}$ Basic Science. Measure to avoid diseases like there is to drink filtrated water. A mini filtering unit can be used in every home. Do you remember the news of dengue about 5 months ago? Around 500 people have died. This was being because unclean water. Let me remember the preys of this threat. Next zone to be mentioned is water and air pollution. The gases emitted to the atmosphere mixes with the clouds and forms acid rain. Acid rain falls into water bodies and pollutes it. Bathing of cattle in water resources, Cleaning clothes in river ,Dumping sewage etc.A common in India, especially in Kerala. This all makes the rivers of our state dirty. The unclean water causes many harmful Diseases. There is a simple question arising from it. We need more medical colleges in the state or just clean our natural resources like land, water?.The Rainfall of south west monsoon caused flood in Chennai last year. And the Kerala floods of this year resulted in outbreak of diseases like dengue and plague. This was because of the less availability of clean water. Clean water is essential for survival of humans and others. The longest river ganga is the dirtiest river in India. So, government has started Clean Ganga campaign and Ganga Rejuvenation Department.



**MOHAMMED MIDLAJ (9G)**

## *THE MAGIC OF FRIENDSHIP*

Friendship is the most essential thing in the world. Friends are like jewels with them we are precious,And without them we are zero. The proverb “Friend indeed is a friend indeed. It’s a valuable one. The Friendship could be refereed or defined to be as God's Greatest Gift to man. We with friends are like gold without its shine doesn't feel as it is gold. Like this with friends we are great or we could say that we are gold. If we want to shine bright like our former president Dr.APJ we should have friends. Friends play a major role in moulding man fit for the happy society. Friendship is a magic of god,By which he has blessed us. Don’t misuse it.



**Selan Sunny (9.H)**

## ROAD ACCIDENTS IN INDIA AND PREVENTION

India is now facing terrible accidents and deaths and it is making families sorrowful day by day. The accidents must be decreased. For that,measures must be adopted this paper dealings with some safety precaution that we have adopt in India. India is the second largest country in population among the world. The same way India is having much traffic vectorises are increasing day by day on the roads of India. Especially the school and office times are highly traffic pressure and unnoticeable driving traffic rules violation drunkards and so makes horrible problems on the roads. Even if the vehicles are increasing or the population is increasing the size and width of our city roads are not

being developed so we ourselves have to take. Care on our life because each and every drop of our blood is precious than the vehicles. India is developing day by day in the areas like information technology, industry, finance,economic etc.Even though road safety is not an important task of government.For the Safety of the lives.

**Swathy (IX H)**

## JUMBLED WORDS

1. ARJA IRAV RMAAV : ____________________
2. TINANALO TCDEA RPCOS : ____________________
3. SOSRC JNIUOR ERD : ____________________
4. TEPHNSE GHNAIWK : ____________________
5. OBI SDVEITYR : ____________________
6. ELIONCTE : ____________________
7. BRPEBUICL : ____________________
8. TS TGOTIRE SHS : ____________________



**Sanju Mathew, (9 G)**

**ANSWERS**

ST GORETTI H.S.S, REPUBLIC, ELECTION, BIO DIVERSITY, STEPHEN HAWKING, JUNIOR RED CROSS,NATIONAL CADET CORPS, RAJA RAVI VARAMA

**ANSWERS ARE FROM LAST TO TOP**

## *IMPORTANCE OF READING*

Books are our best companions. Books are always ready to come to our help the language. Our friends may sometimes refuse to help us,as they may not be in a position to help us either because of illness or because of some other in convenience. We can listen to their words and receive comfort from them. Reading a book is like talking to its author. We listen to his words. Then,we talk to him and he listens in silence. We


feel comforted. Some books comfort us by talking us to a different world,created by the author. If we have books with us,we can never feel bored or lonely. When we read a book we are not merely commercing with the author. We participate in

the life described in the book. If the book describes ancient Greece or Rome,.The book transports us to the past,and we feel that the ancient heroes are our companions. While reading a novel we often identify ourselves with one of the characters,and share his or her experiences. Silling in our own room,we can travel round the world or journey into the past if we have a book with us. Thus,reading a book is often a journey through space and time. Books provide instruction as well as delight. We learn many things by reading books. At the same time they give us immense pleasure. Books are therefore our best companions. We get different types information in the world through books.

Reading also include newspapers also. Newspapers tells what is happening in the

world around us. If we do not read newspapers,we will remain ignorant of what is happening in our own country and in other countries. A good newspaper gives us information about all the important incidents that have taken place in the world during the past twenty four hours. It gives us information

about what is happening in the field of polity,sports,film,social welfare,crime,stocks and shares etc. Reading not only increases our knowledge but also help us to think better.



**Parvathy A.R (9 G)**

## *INDOMITABLE SPIRIT*

I  was swimming in the sea,
waves came one after the other
I was swimming and swimming
to reach my destination.
But one wave,a powerful wave
over powered me;
It took me along in its own
direction,
I  was pulled long and along
when i was about to lose
admit the sea wave power
one thought flashed to me,yes,
that is courage.
Courage to reach my goal,courage
to defeat the powerful
force and succeed;
with courage in my mind
indomitable spirit engulfed me,
with indomitable spirit in
mind and action,
I regained lost confidence
I can win,win and win
Strength came back to me,
over powered the sea wave
I reached the Destination,
my mission

**- Dr.A.P.J Abdul Kalam**

Collected by, **Pooja D. L. (IX G)**

## AN AVERAGE HUMAN BODY IN 24 HOURS

1.Heart beats 1,03,689 times

2.Lungs respires 23,045 times

3.Blood flows 16,80,000 miles

4.Nail grows 0.00007 inches

5.Hair grows 0.01715 inches

6.Take 2.9 pounds Water

7.Take 3.25 pounds Food

8.Breathe 438 cubic feet Air

9.Lose 85.60,Body Temperature

10.Produce 1.43 pints Sweat

11.Speak 4,800 Words

12.Kneeing Sleep more 25.4 times

***Jijimol William, (9 G)***

## GALILEO GALILEI

Galileo Galeli was a progressive man who was against all kinds of blind believers. It was the belief that centre of the universe is earth. But he proved that this nation is wrong. The earth is only a part of the milky way galaxy,he proved it. This kind of discoveries provoke the

authorities of the religion. He construct the first telescope in 1606 by arranging lenses. He published a book “The dialogue of the two principal systems of the world in 1632”. The religious authorities condemned this book and kept him as a house prisoner.

**Neethu Krishna, IX.F**

## SPACE SUIT

Space suits are incredible device that allow astronauts to work safely in the outer space. A space suit is a garment worn to keep an astronaut alive in the harsh environment. It protects the astronaut from extreme temperature space radiation and the vacuum of space. The first space suit worn by a human in space was the soviet union SK-1 suit worn by Yuri Gagarin in 1961. Inside the international space station,the air pressure is kept at 1 atmosphere which is the same level as on the earth. The temperature and humidity are controlled so that the astronauts venture outside the space shuttle to work in space,they wear space suits.

A self contained oxygen supply and environmental control system is employed in a space suit to allow complete freedom of movement. If you don't wear space suits in the space you would become unconscious within 15 seconds because there is no oxygen. You would face extreme hot temperature up to 250 degree Fahrenheit or cold temperature up to minus 250 degrees Fahrenheit. Your blood and fluids would boil or freeze within a few seconds.

**Althaf A. (VIII F)**



# മലയാളം

**കവിത**

## എന്തു നല്ല പായസം!

എന്തു നല്ലപായസം

ചന്തു വച്ച പായസം

പാലടയാണയ്യട

പാത്രമുണ്ടോ ശങ്കരാ

എന്തു നല്ല പായസം

ചന്തു വച്ച പായസം

കുടിച്ചുവേഗം തീർത്തിടാം

ഓടിവാടാ ശങ്കരാ

എന്തു നല്ല പായസം

ചന്തുവച്ച പായസം

വീട്ടിൽ കൊണ്ടുപോകെടാ

പാട്ടുപാടി നടക്കെടാ

**അശ്വിൻ. എ**

**VI. C**

**കവിത**

## കാട്ടിലെ വടംവലി

വടംവലി മത്സരമെത്തീ കാട്ടിൽ

കണ്ടോ അടിപൊളി പൊടിപൂരം

തുമ്പിക്കൈയിൽ വടവുമെടുത്ത്

നിൽപ്പൂ കൊമ്പൻ നീലാണ്ടൻ

കൊമ്പൻ തന്നുടെ പിന്നിൽ

നിൽപ്പൂ മുയലും ഒട്ടകവും

കാട്ടുഭരിക്കക സിംഹത്താനും

കുട്ടരുമെത്തി പിന്നാലെ

സിംഹച്ചാരുടെ പിന്നിൽ നിൽപ്പൂ

പുലിയും കടുവയും കുറുനരിയും

മത്സരവേദിയിൽ ഓടിനടപ്പൂ

വിസിലും ഊക്കി കഴുതച്ചാർ

ബേ ബേ ബേ ബേ

എന്ന് കരഞ്ഞു റഫറിച്ചേട്ടൻ

ടീമുകൾ രണ്ടും വടംവലിച്ചു

വീറോടെ ഹയ്യട ഹയ്യട

ഹയ്യട ഹയ്യട ഹയ്യട

ആർത്തുവിളിച്ചു കാഴ്ചക്കാർ

ഠപ്പോന്നപ്പോൾ വടവും പൊട്ടി

തെറിച്ചുവീണു നീലാണ്ടൻ

വാല് ചതഞ്ഞിട്ടമ്മേയെന്ന്

വിളിച്ചുകൂവി സിംഹത്താൻ

റഫറിച്ചേട്ടൻ കഴുതച്ചാരോ

പേടിച്ചോടി ബേ ബേ ബേ

**പാർവതി. എസ് (V D)**

**കവിത**

## അമ്മതൻമനോഭാവം

വൃദ്ധസദനത്തിലാക്കാമെന്ന് പറഞ്ഞപ്പോൾ

എതിർപ്പൊന്നും പറഞ്ഞില്ല എൻെറ അമ്മ

സഹനശീലയായ അമ്മ ബീജരൂപത്തിലെത്തെ

അമ്മയുടെ സദനത്തിലാക്കി, കടന്നുകളഞ്ഞൊരച്ഛൻ

അച്ഛനേക്കാൾ മിടുക്കനാണ് ഞാനെന്ന്

അഭിനന്ദിക്കുക മാത്രം ചെയ്തു

വാത്സല്യനിധിയായ അമ്മ, മരണനേരം

കൊതിക്കുന്ന അമ്മതൻ താരാട്ട് പാട്ട്

പശ്ചാതാപത്തിൽ ഒഴുകുന്ന പുഴ

മകൻെറ മനസ്സിലൂടെ കണ്ണീരായി

ഹൃദയത്തിൽ ഓർക്കുന്ന മരണനേരം

അമ്മയുടെ മുഖം.

വൃദ്ധസദനത്തിലായിരുന്ന അമ്മ

മകനുവേണ്ടി പ്രാർത്ഥനയോടെ

അമ്മയ്ക്കു മറക്കാനാകുന്നില്ല തൻ മകനെ

***സജ ഷാജഹാൻ, ( VIII F)***

**കവിതാപരിചയം**

### ചങ്ങമ്പുഴയുടെ ഗ്രാമഭംഗി

മലരണിക്കാടുകൾ തിങ്ങിവിങ്ങി

മരതക കാന്തിയിൽ മുങ്ങിമുങ്ങി

കരളും മിഴിയും കവർന്നു മിന്നി

കറയറ്റൊരാലസൽ ഗ്രാമഭംഗി

പുളകംപോൽ കുന്നിൻപുറത്തുവീണ

പുതുമൂടൽമഞ്ഞല പുല്കിനീക്കി,

പുലരൊളി മാമല ശ്രേണികൾതൻ

പുറകിലായ് വന്നു നിന്നെത്തിനോക്കി

എവിടെത്തിരിഞ്ഞൊന്നു നോക്കിയാലെ-

ന്നവിടെല്ലാം പൂത്ത മരങ്ങൾ മാത്രം;

ഒരു കൊച്ചുകാറ്റെങ്ങാൻവന്നുപോയാൽ

തുരുതുരെപ്പൂമഴയായി പിന്നെ.



***സോന ബിജു, (IX H)***

**കഥ**

## പുഴ

ഒരു ദിവസം വനഗ്രാമത്തിൽ കുറേയാളുകൾ വാഹനത്തിലെത്തി. മുളിമരക്കമ്പുകളും മുൾക്കമ്പികളും കൊണ്ടാണ് അവർ വന്നത്. നനവും കുളിരും നീരും നൽകി വനവാസികളെ സംരക്ഷിച്ചുപോന്ന നന്ദിനിപ്പുഴ സ്വന്തമാക്കുകയായിരുന്നു അവരുടെ ലക്ഷ്യം. സൂര്യൻ അസ്തമിക്കുന്നതിനുമുമ്പ് അവർ പുഴയ്ക്കുചുറ്റും വേലികെട്ടി തീർത്തു. ഭദ്രമായി പടിപൂട്ടി അവർ തിരിച്ചുപോകുകയും ചെയ്തു. കുടിനീരെടുക്കാൻ പുഴക്കരയിലെത്തിയവർ ഇതുകണ്ട് അന്തംവിട്ടു. അവർക്കിനി എവിടെ നിന്നാണത കുടിവെള്ളം കിട്ടുക? എവിടെയാണിനി കൃഷിചെയ്യുക?എത്ര ആലോചിച്ചിട്ടും അവർക്കൊരെത്തും പിടിയും കിട്ടിയില്ല. കേട്ടവർ കേട്ടവർ പുഴക്കരയിലെത്തി നെഞ്ചത്തടിച്ചു കരഞ്ഞു. അപ്പോഴാണ് മുഴക്കമുള്ള ഒരു ശബ്ദം അവർക്കിടയിൽനിന്ന് ഉയർന്നത്. "ഈ പുഴ നമ്മുടെ ജീവിതമാർഗമായിരുന്നു. ഈ പുഴയിലെ മീൻപിടിച്ചാണ് നമ്മൾ വിശപ്പടക്കിയത്. ഈ പുഴവെള്ളം ഒഴുക്കിക്കൊണ്ടുവന്ന വളക്കൂറുള്ള മണ്ണിലാണ് നമ്മൾ കൃഷിചെയ്ത് മക്കളെ പോറ്റിയത്. നമ്മുടെ കന്നുകാലികൾ ഈ നദിയിലെവെള്ളമാണ് കുടിച്ചിരുന്നത്. ഒരിക്കലും വറ്റാത്ത ഈ നദിയാണ് നമുക്ക് സംതൃപ്തമായ ജീവിതം തന്നത്. അതില്ലാതാക്കാൻ ആർക്കും അവകാശമില്ല. ഈ വേലി പൊളിച്ച് വനത്തിലേക്കുള്ള വഴി അടച്ചുകെട്ടു." അയാളുടെ വാക്കുകൾ അവർ അക്ഷരംപ്രതി അനുസരിച്ചു. അർധരാത്രിക്കുമുമ്പ് വനത്തിലേക്കുള്ള വഴി അവർ അടച്ചുകെട്ടി. നാട്ടിലുള്ളവർ കാട്ടിൽ പ്രവേശിക്കരുതെന്ന് ഒരു ബോർഡും തൂക്കി. പിന്നീട് വനസമ്പത്ത് കയ്യേറാൻആരും അവിടെ വന്നില്ല.



**ആദർശ് എ.ബി**

**IX.G**

## വിവരണം

### സ്കൂൾദിനങ്ങളെക്കുറിച്ച് ചില ഓർമ്മകൾ

പഠിച്ച സ്കൂളിനെക്കുറിച്ച്, പഠിപ്പിച്ച അധ്യാപകരെക്കുറിച്ച്, അന്നു നാം കാട്ടിയ പരാക്രമങ്ങളെക്കുറിച്ച്,ആൺകുട്ടികളെക്കുറിച്ച സംസാരിച്ചുകൊണ്ട് നാം ചെലവഴിച്ച ആഹ്ലാദകരമായ ആ സു ദീർഘസന്ദർഭങ്ങളെക്കുറിച്ച് ഓർക്കുന്നുവോ നീ ?

സ്കൂളിൽ ചെലവഴിച്ച ആ ഒരു വർഷംഞാൻ സ്വർഗത്തിലായിരുന്നു.

ഗുരുക്കന്മാർ, അവർ പഠിപ്പിച്ച കാര്യങ്ങൾ, തമാശകൾ, അന്തസ്സ്, സമ്മർദങ്ങൾ, ആരാധകർ.......

ഓർക്കുന്നുവോ, ഒരു ദിവസം പട്ടണത്തിൽനിന്നും തിരിച്ചെത്തിയപ്പോൾ എന്നെയും കാത്ത് ഒരു പാർസൽ. അയച്ച ആളുടെ പേരായി ആർ എന്നു മാത്രം കുറിച്ചിട്ടിരിക്കുന്നു. റോബ് കൊഹനാവാനെ വഴിയുള്ള. രണ്ടര ഗിൽഡറിൻെറയൊരു മുടിപ്പിന്ന്. അൾട്രാ മോഡേൺ സാധനം. അവൻെറ അച്ഛൻ അത്തരം സാധനങ്ങൾ വിൽക്കാറുണ്ട്. രണ്ടു ദിവസം ചൂടിനടന്നു. അപ്പോഴേക്കും പൊട്ടിപ്പോയി.

ഓർമ്മയുണ്ടോ ലൈസും ഞാനും ക്ലാസിൽ പറയാറുള്ള കാര്യങ്ങൾ? ആയിടെ, ഫ്രഞ്ച് പഠിപ്പിക്കുന്ന മാഷ് പരീക്ഷ വെച്ചു. എനിക്കതത്ര വിഷമമൊന്നും ഉണ്ടാക്കിയില്ല. എന്നാൽ ലൈസ് ഇരുന്നു വിയർത്തു. ഞാൻ സഹായത്തിനെത്തി. ഞാനെഴുതിയത് അപ്പടി പകർത്താൻ വിട്ടുകൊടുത്തു. പകർത്തിക്കഴിഞ്ഞപ്പോൾ പേപ്പർ വാങ്ങി തെറ്റുകൾ തിരുത്തിക്കൊടുത്തു. റിസൽറ്റ് വന്നപ്പോൾ ലൈസിന് സി+ എനിക്ക് സി–. പിന്നീട് മാഷിനു സംശയംതോന്നി. രണ്ടും വെട്ടി രണ്ടുപേർക്കും എഫ് ഇട്ടുതന്നു. തടിച്ച വീർത്ത ഒരു ദൊഡ്ഡൻ എഫ്!

ആകെ മനസ്താപമായി. മാഷെ ചെന്നുകണ്ട് സത്യം തുറന്നുപറഞ്ഞു. പിന്നെ പോരാൻ നേരത്ത്, മറ്റു കുട്ടികൾ പുസ്തകം ഡെസ്കിനടിയിൽ വച്ച് നോക്കി എഴുതുകയായിരുന്നു എന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുകയും ചെയ്തു. പോരേ പൂരം! സാറ് ക്ഷമിക്കുമോ? പുസ്തകം വച്ച് എഴുതിയവരോട് കൈ പൊക്കാൻ പറഞ്ഞു. പാതി കുട്ടികൾ പോലും അങ്ങനെ ചെയ്തില്ല. തുടർന്ന് മാഷ് വീണ്ടും പരീക്ഷ വച്ചു. അതോടെ ഞാനും ലൈസും ഒറ്റപ്പെട്ടു. ആരും ഞങ്ങളോടു മിണ്ടാതായി. കള്ളികൾ എന്ന പേരും വീണു. കൂട്ടുകാരെ ഒറ്റിക്കൊടുത്തെന്ന മനോവിഷമം സഹിക്കാനാകാതെ എല്ലാവർക്കുമായി ഞാൻ ഇങ്ങനെയൊരു തുറന്ന കത്തെഴുതി.

'ഫ്രഞ്ചുപരീക്ഷയുടെ കാര്യത്തിലുണ്ടായ കുഴപ്പത്തിന് ഞാനും ലൈസും നിങ്ങളോടു

ക്ഷമ ചോദിക്കുന്നു. തീർച്ചയായും അത് തീരെ മോശമായിപ്പോയി. ആലോചിക്കാൻ സമയം കിട്ടുന്നതിനു മുമ്പ് പ്രവർത്തിച്ചതിന്റെ തകരാറായിരുന്നു കൂട്ടുകാരേ. സത്യത്തിൽ ശിക്ഷിക്കേണ്ടത് ഞങ്ങൾ രണ്ടുപേരെ മാത്രമായിരുന്നു. ദേഷ്യം പിടിച്ചു നിൽക്കുന്ന സമയത്ത് അറിയാതെ വായിൽനിന്നും വീണുപോയ വാക്കുകൾ ഇത്ര വലിയ കുഴപ്പം വരുത്തുമെന്നു വിചാരുച്ചില്ല. ഒരു തെറ്റ് ആർക്കും പറ്റാം. എന്താ അങ്ങനെയല്ലേ? ഒരുവിധത്തിലുള്ള ദുരുദ്ദേശ്യവും ഞങ്ങൾക്കില്ലായിരുന്നു. ഞങ്ങളുടെ തിന്മയെ നിങ്ങൾ നന്മകൊണ്ട് പകരംവെയ്ക്കണമെന്നപേക്ഷിക്കുന്നു. ചെയ്ത കുറ്റം കുറ്റമല്ലാതാക്കാൻ ഇനിയാരുവിചാരിച്ചാലും കഴിയില്ല.

ഇനി അഥവാ ഇതുകൊണ്ടൊന്നും നിങ്ങളുടെ അരിശം തീരുന്നില്ലെങ്കിൽ മുമ്പിൽ വന്നു നിന്ന് മുഖത്തുനോക്കി നലില രണ്ട് ചീത്തവിളച്ചോളൂ. അഥവാ അതിനു പറ്റിയില്ലെങ്കിൽ ഇഷ്ടമുള്ള എന്തുവേണമെങ്കിലും ചോദിച്ചോളൂ. നിങ്ങളുടെ ഇഷ്ടം എന്തായാലും കഴിവിന്റെ പരമാവധി ശ്രമിച്ച് ഞങ്ങൾ സാധിച്ചു തരാം. എന്താ എല്ലാം പൊറുത്ത് ഞങ്ങൾക്ക് മാപ്പുനല്കില്ലേ?'

തുടർന്ന് രണ്ടേ രണ്ട് ആഴ്ച്ച കൊണ്ട് എല്ലാവരും എല്ലാ സംഭവങ്ങളും മറന്നു. ഞങ്ങൾ വീണ്ടും ചങ്ങാതിമാരായി.



അവലംബം - ഡയറി ഓഫ്എ യം ഗേൾ

**ഉത്തര രാജി കെ. ആർ, (10 D)**

**യാത്രാവിവരണം**

## വാഗമണ്ണും പരുന്തുംപാറയും

വാഗമൺ - ഭൂമിയിലെ ഒരു സ്വർഗം. നിരനിരയായി നിരന്നുനിൽക്കുന്ന വലിയ മലകൾ. അവ നിറയെ മരങ്ങൾ. മലകൾക്കിടയിൽ കാടുകൾ. എങ്ങും പച്ചപ്പ്. ഉയരത്തിന്റെ മഹിമയും പ്രദർശിപ്പിച്ചു നിൽക്കുന്ന മലകളെ കണ്ട് നാം തലകുനിക്കും.

വണ്ടി പെട്ടെന്നു നിന്നു. ഇനി 'മെഡോസ്'. പുൽത്തകിടികൾ എല്ലാം മലകളിലാണ്.

“പ്രകൃതീദേവി മണ്ണപ്പം ചുട്ടുകളിച്ചതാണ്.”ഞാൻ പറഞ്ഞു.

“ശരിക്കും?” വാവക്കുട്ടിക്കു സംശയം.

ചിരട്ട കമഴ്ത്തി വച്ചതുപോലുള്ള കുന്നുകൾ. അധികം ഉയരമില്ല. വാവക്കുട്ടി ഓടിക്കയറി. ഞങ്ങൾ നടന്നുകയറി. കുന്നുകൾക്കു മുകളിലെ പുൽത്തകിടികൾ മനോഹരം. ആകാശം കണ്ടു. കാറ്റ് ചൂളം വിളിച്ചെത്തി. കാറ്റ് മരച്ചില്ലകളെക്കൊണ്ട് പാട്ടുപാടിക്കുന്നുണ്ടായിരുന്നു. കാറ്റിന്റെ ചൂളംവിളിയും ചില്ലകളുടെ കിരുകിരാരവും എല്ലാംകൂടി ശബ്ദത്തിന്റെ ഒരു മായാജാലം. അതുകേട്ട് വാവക്കുട്ടി അത്ഭുതപ്പെട്ടു. 'കാറ്റിന്റെ കോലാഹലമേട് !' വാവക്കുട്ടി അതുപറഞ്ഞു ചിരിച്ചു. പിന്നെ മറ്റൊരു മലയുടെ തല ലക്ഷ്യമാക്കി ഓടി. മലകയറി തളർന്നപ്പോൾ മനോഹരമായ ആ പ്രദേശത്തോട് മടിച്ചു മടിച്ച് യാത്രപറഞ്ഞ് വണ്ടിയിൽ കയറി.

പിന്നെ എത്തിയതോ, പൈൻഫോറസ്റ്റിൽ. മുന്നൂറോളം ഏക്കറുകളിൽ പരന്നുകിടക്കുന്നു അത്. ആകാശത്തെ ആലിംഗനം ചെയ്യാനെന്നവണ്ണം ഉയർന്നുയർന്നുനിൽക്കുന്ന പൈൻമരങ്ങൾ. നിലത്ത് പൈൻമരത്തിന്റെ ഇലകൾ ഉണങ്ങിയുണ്ടായിരിക്കുന്ന പുതപ്പ്. പൈൻമരക്കാട്ടിലൂടെ നടക്കുമ്പോൾ വാവക്കുട്ടി പറഞ്ഞു:

“അപ്പൂപ്പാ ഗംഭീരം!”

വിശപ്പ് ശക്തമായി പ്രതിഷേധിച്ചപ്പോൾ ഞങ്ങളവിടെ നിന്നും പുറത്തിറങ്ങി. ഭക്ഷണംകഴിച്ചിറങ്ങുമ്പോൾ ഞാൻ പറഞ്ഞു:

“നമ്മൾ ഇനി മറ്റൊരു റൂട്ടിലേക്കാണു പോവുക. ഏലപ്പാറ വഴി പീരുമേട്. അവിടെ നല്ല നല്ല കാഴ്ചകളുണ്ട്.”

അതു കേട്ടപ്പോൾ വാവക്കുട്ടിക്ക് ആകാംക്ഷയായി. വാഗമൺ വിടുംമുൻപ് ഞങ്ങൾ അവിടെയുണ്ടായിരുന്ന ഓർക്കിടഡ്ഗാർഡനും കണ്ടു. വനംവകുപ്പിന്റെതാണ്. അവിടെ മനോഹരമായ ഒരു പൂന്തോട്ടവുമുണ്ടായിരുന്നു.

പിന്നെയും യാത്ര. ചുറ്റും തേയിലത്തോട്ടങ്ങളും ഏലത്തോട്ടങ്ങളും കൃഷിയിടങ്ങളുമെല്ലാം കണ്ട് ഞങ്ങൾ പരുന്തുംപാറയിലെത്തി. കുട്ടിക്കാനം കഴിഞ്ഞാണ് പരുന്തുംപാറ. അവിടെ കണ്ട കാഴ്ച വാവക്കുട്ടിയെ ശരിക്കും ഞെട്ടിച്ചു. ഉയർന്ന ഭാഗമാണ് പരുന്തുംപാറ. അവിടെ നിൽക്കുമ്പോൾ ഒരുവശത്ത് ഉയരത്തിൽ മല. താഴേക്കു നോക്കിയാലോ തലകറങ്ങും. താഴ്ന്ന താഴ്ന്ന പോകുന്ന കൊക്ക. മല അടിയിൽ നിന്നും ഉയർന്നു വരുംപോലെ! ആരെയും അമ്പരപ്പിക്കുന്ന കാഴ്ച! മലയുടെ ഉയരവും താഴ്ച്ചയും ഒന്നിച്ചുകണ്ട് വാവക്കുട്ടി തലയാട്ടി പറഞ്ഞു:

“ഗംഭീരകാഴ്ച.”

മൂടൽമഞ്ഞ് ചില മലകൾക്കു നേർത്ത ഉടുപ്പിട്ടിട്ടുണ്ട്. കാഴ്ചകൾ കണ്ട് വണ്ടിയിലേക്കു കയറുമ്പോൾ വാവക്കുട്ടി പറഞ്ഞു:

“അപ്പൂപ്പാ, കേരളം ശരിക്കും സ്വർഗമാണ്. ദൈവത്തിന്റെ സ്വന്തം നാട്. എനിക്കൊരു ദു:ഖമുണ്ട്. ഇവിടമാകെ ആളുകൾ വേസ്റ്റ് വലിച്ചെറിഞ്ഞ് വൃത്തികേടാക്കിയിരിക്കുന്നു.

ഇവരെയൊക്കെ എന്താ ചെയ്ക? ഇത് കൊലക്കുറ്റമാക്കക തന്നെ വേണം."

ഞാൻ ഞെട്ടിപ്പോയി. വാവക്കുട്ടി തുടർന്നു:

"മാലിന്യം വലിച്ചെറിഞ്ഞാൽ അതുണ്ടാക്കുന്ന മലിനീകരണം മൂലം സകല ജീവജാലങ്ങളും പ്രകൃതിയും ഇഞ്ചിഞ്ചായി മരിക്കുകയാണ്. കഷ്ടപ്പെടുത്തിയുള്ള കൊല അതിന് തൂക്കിക്കൊല തന്നെ വേണം."

ഞാൻ നിശബ്ദനായി. അവളുടെ വൈകാരിക ക്ഷോഭം എൻ്റെ മനസ്സിലായി. ആലോചിച്ചപ്പോൾ അവൾ പറയുന്നതല്ലേ ശരി? ഞാനും ചിന്തിച്ചുപോയി. നിങ്ങൾ എന്തുപറയുന്നു?



**സുബഹാന സലീം, (IX H)**

## ചിപ്കോ പ്രസ്ഥാനം

മരങ്ങൾ വെട്ടുന്നതിനെതിരെ ചണ്ഡിപ്രസാദ് ഭട്ടിൻെറയും സുന്ദർലാൽ ഭഹുഗുണയുടെയും നേതൃത്വത്തിൽ ചിപ്കോ പ്രസ്ഥാനം ആരംഭിച്ചു. ചിപ്കോ എന്ന വാക്കിനർഥംമരങ്ങളെ കെട്ടിപ്പിടിക്കുക എന്നാണ്. 1973 ൽ ഉത്തർപ്രദേശിലെ അളകനന്ദ താഴ്വരയിലാണ് ഈ പുതിയ പ്രകൃതിസംരക്ഷണ പ്രസ്ഥാനം ഉദയം കൊണ്ടത്. അഹിംസയിൽ അധിഷ്ഠിതമായ ഈ പ്രകൃതിസംരക്ഷണ പ്രവർത്തനം ആഗോളസലത്തിൽ ശ്രദ്ധനേടി. സമാനമായ പല പ്രസ്ഥാനങ്ങളും ഉടലെടുത്തു. ചിപ്കോ പ്രസ്ഥാനത്തിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് മരസംരക്ഷണത്തിനായി കർണ്ണാടകയിൽ തുടങ്ങിയതാണ് അപ്പിക്കോ പ്രസ്ഥാനം.



**സൽമാൻ (IX G)**

**കഥ**

## അഹങ്കാരം മൂത്താൽ നിർഭാഗ്യം

സ്വർണച്ചിറകുള്ള അരയന്നങ്ങൾ പത്മസരസ് തടാകത്തെ മനോഹരമാക്കി. ഓരോ ഹംസവും ആറുമാസത്തിലൊരിക്കൽ ഓരോ സ്വർണത്തൂവൽ രാജാവിന് സമ്മാനിക്കുമായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം വെള്ളിച്ചിറകുള്ള ഒരു പക്ഷി ആ തടാകത്തിലെത്തി.


"ആറുമാസത്തിലൊരിക്കൽ ഞങ്ങൾ ഓരോരുത്തരും ഓരോ സ്വർണത്തൂവൽ രാജാവിന് സമ്മാന്ക്കാറുണ്ട്. വെള്ളിനിറമുള്ള നിനക്കതിന് കഴിയാത്തതിനാൽ ഈ തടാകത്തിൽ കഴിയാൻ സാധ്യമല്ല. ഇവിടെനിന്ന് വേഗം പോകുന്നതാണ് നല്ലത്."

അരയന്നങ്ങൾ ആ പക്ഷിയെ വിരട്ടി ഓടിക്കാൻ ശ്രമിച്ചു. അവർ തമ്മിൽ ശണ്ഠയായി. ഗത്യന്തരമില്ലാതെ പരാതിയുമായി ആ വെള്ളിപ്പറവ രാജസന്നിധിയിലെത്തി.

"സ്വാമിൻ, പത്മസരസ്സ് തടാകത്തിലെ അരയന്നങ്ങൾ എന്നെ അവിടെ ജീവിക്കാൻ അനുവദിക്കുന്നില്ല. തടാകത്തിൻെറ യഥാർത്ഥ ഉടമ രാജാവോ, ഹംസങ്ങളോ? സത്യമറിയാൻ അടിയനെഅനുവദിച്ചാലും."

ആ സാധുപക്ഷിയോട് അലിവ് തോന്നിയ രാജാവ് തടാകത്തിലെ അരയന്നങ്ങളെ മുഴുവൻ കൊല്ലാൻ കല്പിച്ചു. കയ്യിൽ വടികളുമായി വരുന്ന ഭൃത്യന്മാരെ കണ്ടപ്പോൾ അരയന്നങ്ങൾ വേഹത്തിൽ പറന്ന് രക്ഷപ്പെട്ടു. പക്ഷെ തടാകത്തിലെ ആനന്ദം നിറഞ്ഞജീവിതം അവർക്ക് നഷ്ടമായി. സൗഭാഗ്യങ്ങളിൽ അഹങ്കരിക്കുന്നവർക്ക് നിർഭാഗ്യമായിരിക്കും പ്രതിഫലം.

**പ്രജിത, (IX G)**



**കഥ**

## അഴകുള്ള പൂമൊട്ടിൻെറ കഥ

യൂറോപ്പിലെ ഒരു ദരിദ്രരാജ്യമാണ് അൽബേനിയ. അവിടത്തെ ഒരു കർഷകകുടുംബത്തിൽ വർഷങ്ങൾക്കുമുമ്പ് ഒരു 'അഴകുള്ള പൂമൊട്ട്' ജന്മമെടുത്തു. മാതാപിതാക്കൾ 'ആഗ്നസ്' എന്നാണ് അവൾക്കു പേരിട്ടത്. എങ്കിലും ഇളയമകളായതുകൊണ്ട് 'ഹോംഗ്സ് ' എന്നഓമനപ്പേരും അവർ അവൾക്കു നൽകിയിരുന്നു. അവരുടെ ഭാഷയിൽ ആ പദത്തിന് 'അഴകുള്ള പൂമൊട്ട്' എന്നായിരുന്നു

അർഥം.

ഹോംഗ്സിന് ലാസറെന്ന പേരുള്ള ഒരു ചേട്ടനും, ഏജ് എന്നപേരുള്ള ഒരു ചേച്ചിയും ഉണ്ടായിരുന്നു. കുട്ടിക്കാലം മുതൽ തന്നെ നല്ല അനുസരണയിലും അച്ചടക്കത്തിലും ദൈവഭക്തിയിലുമാണ് മാതാപിതാക്കൾ മൂന്നുപേരെയും വളർത്തിക്കൊണ്ടുവന്നത്. എങ്കിലും ചെറിയ കുറ്റങ്ങളും കുറവുകളും കുസൃതിത്തരങ്ങളുമൊക്കെ അവരിൽ കാണാമായിരുന്നു.

ഭക്ഷണക്കാര്യത്തിൽ വളരെതത്പരരായിരുന്നു ലാസറും ഏജും. ലാസറിനും ഏജിനും മധുരപലഹാരങ്ങളോടായിരുന്ന് കൂടുതൽ പ്രിയം. ഏജിന് പ്രത്യേകിച്ചും കേക്കിനോട്.

അമ്മ പുറത്തിറങ്ങുന്ന തക്കം നോക്കി ലാസറും ഏജും ചേർന്ന് അവിടത്തെ പലഹാരപ്പുര കാലിയാക്കും. എന്നാൽ 'ഹോംഗ്സ്' ഒരിക്കലും ഇത്തരം പ്രവൃത്തികളിൽ അവരോടൊപ്പം ചേരാൻ ഇഷ്ടപ്പെട്ടില്ല. ചേട്ടന്റെയും ചേച്ചിയുടെയും ഈ അച്ചടക്കമില്ലായ്മ അവളെ വളരെയേറെ വേദനിപ്പിച്ചു.

'മക്കളേ, ആരും കാണില്ലെന്നു വിചാരിച്ച് തെറ്റുചെയ്യാൻ ഒരിക്കലും ഒരുമ്പെടരുത് ' എന്ന അമ്മയുടെ വാക്കുകൾ എപ്പോഴും അവളുടെ ഓർമയിലുണ്ടായിരുന്നു.

ഒരുദിവസം ലാസറും ചേച്ചിയും തങ്ങളുടെ അധ്യാപകരുടെയും കൂട്ടുകാരുടെയും കുറ്റങ്ങൾ നിരത്തി പരിഹസിക്കവേ ഹോംഗ്സ് അവിടേക്കു കയറിച്ചെന്നു.

നിർഭാഗ്യമെന്നു പറയട്ടെ കുറച്ചുനേരത്തേക്ക് അവളും ഇതിൽ പങ്കാളിയായി. എന്നാൽ ഇവരുടെ പ്രവൃത്തികൾ തൊട്ടപ്പുറത്തെ മുറിയിൽ ജോലി ചെയ്തുകൊണ്ടിരുന്ന അമ്മ ശരദ്ധിക്കുന്നുണ്ടായിരുന്നു. തുണിയിൽ പലവിധ ചിത്രവേലകൾ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു അവർ. ഇതിനിടയിൽ പെട്ടെന്ന് ലാസറിന്റെയും ഏജിന്റെയും ഹോംഹ്സിന്റെയും മുറിക്കകത്തെ വെളിച്ചം അണഞ്ഞുപോയി. പേടിച്ചരണ്ട കുട്ടികൾ അമ്മയുടരികിലേക്ക് ഓടിയെത്തി.

അത്ഭുതം! അമ്മയുടെ മുറിയിൽ അപ്പോഴും എല്ലാ ദീപങ്ങളും കൂടുതൽ ശോഭയോടെ തെളിഞ്ഞുനിൽക്കുന്നുണ്ടായിരിക്കുന്നു. തൊട്ടടുത്ത വീടുകളിലും വെളിച്ചത്തിന് ഒരു കുറവും ഉണ്ടായിരുന്നു. അതുകണ്ട് മക്കൾ ചോദിച്ചു:

“അമ്മേ ഇതെന്താണ് ഞങ്ങളുടെ മുറിയിൽ മാത്രം വെളിച്ചമില്ലാത്തത്? മറ്റെല്ലായിടത്തും വെളിച്ചമുണ്ടല്ലോ?”

“നിങ്ങളുടെ മുറിയിൽ എങ്ങനെ വെട്ടമുണ്ടാകാനാണ്?”

അമ്മ അൽപ്പം നീരസം കലര്ന്ന മട്ടിൽ ചോദിച്ചു. മക്കൾ മൂവരും വായ്പിളർന്ന് അന്തിച്ചുനിന്നു.

“ഏം, അതെന്താ?”

കുട്ടികൾ ആരാഞ്ഞു.

"സ്വന്തം ജോലികൾ ചെയ്യാതെ മറ്റുള്ളോരെ പുച്ഛിക്കുന്ന ജോലിയല്ലേ നിങ്ങളുടേത്?"

അമ്മ വീണ്ടും ചോദിച്ചു. അമ്മയുടെ ചോദ്യത്തിനു മുന്നിൽ മക്കൾ പകച്ചുനിന്നു. അമ്മ വിശദമാക്കി.

"മക്കളേ, മറ്റുള്ളവരെ പുച്ഛിക്കുകയും പരിഹസിക്കുകയും ചെയ്യുന്നവരുടെ മുറിയിൽ ഒരിക്കലും വെട്ടമുണ്ടാവുകയില്ല. അങ്ങനെയുള്ളവർക്ക് എന്നും ഇരുട്ടിൽത്തന്നെ കഴിയേണ്ടിവരും"

അമ്മയുടെ സംസാരം കേട്ട് മൂവരും തലതാഴ്ത്തിനിന്നു. തങ്ങൾ ചെയ്തത് വലിയൊരു അപരാധമാണെന്ന് അവർക്കു ബോധ്യമായി. അവർ ഒരേ സ്വരത്തിൽ പറഞ്ഞു:

"ഇല്ല മേലിൽ ഞങ്ങൾ ആരെയും പരിഹസിക്കുകയില്ല!"

'അഴകുള്ള പൂമൊട്ട് ' അമ്മയുടെ കാലുകൾ തൊട്ടുവണങ്ങി. അമ്മയുടെ ചുണ്ടിൽ ഒരു നേർത്ത പുഞ്ചിരി വിടർന്നു.

ഈ അഴകുള്ള പൂമൊട്ടിനെ നിങ്ങൾക്കു മനസ്സിലായില്ലേ? ആ ഹോംഗ്സാണ് പിന്നീട് ആഗ്നസും ഒടുവിൽ മദർ തെരേസയുമായി മാറിയത്. ആ മദർ തെരേസയാണ് ഇപ്പോൾ വിശ്വം നയിക്കുന്ന പുണ്യവതിയായി നമ്മുടെ മുന്നിൽ നിൽക്കുന്നത്.

ജീവിതത്തിൽ നന്മയുടെ മാർഗത്തിലൂടെ സഞ്ചരിച്ച മദർ തെരേസ എന്നും നമുക്ക് മാർഗദർശിയായിരിക്കും

**കാർത്തിക് ചന്ദ്. (X C)**



## പുസ്തക പരിചയം

### കൂട്ടുകാരുടെ ഹെയ്ദി (ലില്ലി)

ഒരിക്കൽ വായിച്ചാൽ വീണ്ടും വീണ്ടും വായിക്കാൻ തോന്നുന്ന നിരവധി പുസ്തകങ്ങളുണ്ട്. ചെറുപ്പകാലത്ത് നെഞ്ചോടുചേർത്തുവച്ച പുസ്തകങ്ങൾ, കാലം എത്ര കഴിഞ്ഞിട്ടും വശ്യത ഒട്ടും മായാതെ വീണ്ടും വീണ്ടും വായിക്കാൻ അവ നമ്മെ പ്രേരിപ്പിക്കുന്നു. അത്തരത്തിലുള്ള ഒരു പുസ്തകമാണ് ജൊഹനാ സ്പൈറി രചിച്ച ഹെയ്ദി.

തന്റെ നാടിനെയും ആൽപ്സ് പർവതത്തെയും ഒരുപാട് സ്നേഹിച്ച സ്വിസ് എഴുത്തുകാരിയായിരുന്നു ജൊഹനാ സ്പൈറി. ഫ്രാങ്കോ-റഷ്യൻ യുദ്ധത്തിൽ പരിക്കേറ്റ പട്ടാളക്കാരുടെ ചികിത്സയ്ക്കായുള്ള ധനം ശേഖരിക്കുക എന്ന ലക്ഷ്യമായിരുന്നു ഈ രചനയ്ക്കു പിന്നിൽ. സ്പൈറിയുടെ മറ്റുപല രചനകളെക്കാൾ ലോകശ്രദ്ധപിടിച്ചുപറ്റുവാൻ ഈ നോവലിനു സാധിച്ചു.

സ്നേഹത്തിൻെറയും നന്മയുടെയും കഥപറയുന്ന ഈ നോവലിലെ കേന്ദ്രകഥാപാത്രമാണ് ഹെയ്ദി. സ്നേഹിക്കാൻ മാത്രം അറിയാവുന്ന അവൾ തൻെറ സാമീപ്യത്തിലൂടെ ചുറ്റുമുള്ളവർക്ക് സ്നേഹവും സന്തോഷവും പകർന്നു നൽകുന്നു.

ഹെയ്ദിയുടെ മുത്തച്ഛനായിരുന്നു ആം. ഹെയ്ദിയുടെ അച്ഛൻ തോബിയാസിൻെറ പിതാവ്. ആംഅമ്മാവൻ എന്നായിരുന്നു ഗ്രാമവാസികൾ അയാളെ വിളിച്ചിരുന്നത്. കയ്പേറിയ അനുഭവങ്ങൾനിറഞ്ഞ ഭൂതകാലജീവിതത്തിൻെറ ഓർമകൾ അയാളെ സദാ അലട്ടിയിരുന്നു. അതുകൊണ്ടുതന്നെ എല്ലാവരിൽനിന്നും അകന്ന്, ആരോടും ചങ്ങാത്തത്തിനു പോകാതെ ആൽപ്സ് പർവതപ്രദേശത്തെ ഒരു ചെറുകുടിലിൽ അയാൾ ഏകനായി താമസിച്ചുവരികയായിരുന്നു.

ദുഃശീലങ്ങളുടെ ഉറവിടമായിരുന്ന ആംമിൻെറ ചെയ്തികളിൽ മനംനൊന്ത് മാതാപിതാക്കൾ മരിക്കുകയും ഏക അനുജൻ നാടുവിടുകയും ചെയ്തു. അവശേഷിച്ച സ്വത്തുക്കളെല്ലാം വിറ്റ് അയാളും അവിടംവിട്ടു. തുടർന്ന് പട്ടാളത്തിൽ ചേർന്ന ആം നാളുകൾകഴിഞ്ഞ് ഒരു കൈക്കുഞ്ഞുമായി തിരിച്ചെത്തി. കുട്ടിയെ ആരെയെങ്കിലും ഏൽപ്പിച്ച് മടങ്ങുവാനായാണ് അയാൾ എത്തിയത്. എന്നാൽ അയാളുടെ സ്വഭാവം നന്നായറിയാവുന്ന ഗ്രാമവാസികൾ ആരും കുട്ടിയെ ഏറ്റെടുക്കുവാൻ തയാറായില്ല. അങ്ങനെ അയാൾ ആ ഗ്രാമംവിട്ട് ഡോർഫ്ളി എന്ന സ്ഥലത്ത് മകനോടൊപ്പം സ്ഥിരതാമസമായി.

ആംമിൻെറ കഥകൾ കേട്ടവരാരുംഅയാളോടു ചങ്ങാത്തം കൂടാൻ തയ്യാറായില്ല. എന്നാൽ മകൻ തോബിയാസ് അവർക്കെല്ലാം പ്രിയങ്കരനായിരുന്നു. താമസിയാതെ തോബിയാസ് വിവാഹിതനാവുകയും അയാൾക്ക്ഒരു പെൺകുഞ്ഞ് ജനിക്കുകയും ചെയ്തു. അവളാണ് ഹെയ്ദി. സന്തോഷകരമായിരുന്ന അവരുടെ ജീവിതത്തിൽ പെട്ടെന്നാണ് കാർമേഘം വന്നുമൂടിയത്. ഒരു അപകടത്തിൽ തോബിയാസ് മരിക്കുന്നു. ആഘാതം താങ്ങാനാവാതെ ഹെയ്ദിയുടെ അമ്മയും യാത്രയായി. ഒടുവിൽ കുഞ്ഞുഹെയ്ദിക്ക് തുണ മുത്തച്ഛൻ മാത്രമായി. ഇതിനെല്ലാം കാരണം താൻ ചെയ്ത പാപകർമങ്ങളാണെന്ന് ആം ഉറച്ചുവിശ്വസിച്ചു.

ഹെയ്ദിയെ എങ്ങനെ പോറ്റുമെന്ന ശങ്കയിലിരിക്കെ അവളുടെ അമ്മയുടെ സഹോദരി ഡെറ്റി അവളുടെ സംരക്ഷണചുമതല ഏറ്റെടുക്കാൻ തയ്യാറായി. അങ്ങനെ ഹെയ്ദിയെയും കൂട്ടി ഡെറ്റി ജീവിച്ചു തുടങ്ങി. ആയിടയ്ക്കാണ് കൂടുതൽ മെച്ചപ്പെട്ട ജോലി ഫ്രാങ്ക്ഫെർട്ടിൽ ഡെറ്റിക്കു ലഭിക്കുന്നത്. ഹെയ്ദിയെയും കൂട്ടി ജോലിക്കുപോകാൻ ഡെറ്റക്കു സാധിക്കുമായിരുന്നില്ല. അതോടെ അഞ്ചുവയസ്സുകാരിയായ ഹെയ്ദിയെ അവളുടെ മുത്തച്ഛനായ ആംമിനെ തിരിച്ചേൽപ്പിക്കാൻ ഡെറ്റി തീരുമാനിച്ചു. ഹെയ്ദിയെയും കൂട്ടി ഡെറ്റി ആംഅമ്മാവൻെറ കുടിലിലേക്കു വരുന്നതോടെയാണ് നോവൽ ആരംഭിക്കുന്നത്.

ആംമിൻെറ വീട്ടിലേക്കുള്ള വഴിമധ്യേ ഹെയ്ദിക്ക് ഒരു കൂട്ടുകാരനെ കിട്ടി.

പീറ്റർ. ഒരു ആട്ടിടയനായിരുന്നു അവൻ. ഹെയ്ദിയെ മുത്തച്ഛന്റെ വീട്ടിലാക്കി ഡെറ്റിമടങ്ങുന്നു. ആദ്യം ആംഅമ്മാവൻ ഹെയ്ദിയെ ശ്രദ്ധിച്ചില്ലെങ്കിലും പതുക്കെപതുക്കെ ആ അഞ്ചുവയസ്സുകാരിയുടെ സ്നേഹത്തിനുമുമ്പിൽ മുത്തച്ഛൻ കീഴടങ്ങുന്നു.

ഇതിനിടയിൽ പീറ്ററും കുടുംബവുമായി അടുക്കുന്നു. പീറ്ററിനോടൊപ്പം സ്കൂളിൽ പോകുവാൻ അവൾക്കാഗ്രഹമുണ്ടെങ്കിലും ആം അമ്മാവൻ അതിന് അനുവദിച്ചില്ല. എന്നാൽ അതിൽ അവൾക്കു മുത്തച്ഛനോട് യാതൊരു പരിഭവവുമുണ്ടായിരുന്നില്ല. മുത്തച്ഛനോടൊപ്പം സന്തോഷത്തോടെ ജീവിച്ചു വരികെ ഒരു സുപ്രഭാതത്തിൽ ഹെയ്ദിയെ കൂട്ടിക്കൊണ്ടുപോകുവാനായി ഡെറ്റി തിരിച്ചെത്തി. ഹെയ്ദിയില്ലാത്ത ജീവിതം ആംഅമ്മാവന് ഹൃദയഭേദകമായിരുന്നു. ഇതേച്ചൊല്ലി ആംഅമ്മാവനും ഡെറ്റിയും തമ്മിൽ വാഗ്വാദം വരെയുണ്ടായി. ഒടുവിൽ ഡെറ്റി അവളെ കൂട്ടിക്കൊണ്ടുപോവുകതന്നെ ചെയ്തു. ധനാഢ്യനായ ഒരു ബിസിനസ്സുകാരന്റെ മകൾക്ക് കയലിക്കൂട്ടുകാരിയായിട്ടാണ് ഡെറ്റി ഹെയ്ദിയെ കൊണ്ടുപോയത്.

സെസിമൻ എന്നായിരുന്നആ ബിസിനസ്സുകാരന്റെ പേര്. ഭാര്യ മരിച്ച അയാളുടെ ഏക മകളാണ് ക്ലാര. പന്ത്രണ്ടുവയസ്സുകാരിയായ അവൾല ചക്രക്കസേരയിലായിരുന്നു ജീവിതം തള്ളിനീക്കിയിരുന്നത്. ബിസിനസ് തിരക്കിനിടയിൽ പലപ്പോഴും മകൾക്കൊപ്പം സമയംചെലവഴിക്കാൻ അയാൾക്കു സാധിച്ചിരുന്നില്ല. അവളുടെ എല്ലാ കാര്യങ്ങളും നോക്കാൻ വീട്ടിൽ പരിചാരകരുണ്ടെങ്കിലും ഏകാന്തത മകടലെ അലട്ടുന്നതായി സെസിമൻ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് അവൾക്കുവേണ്ടി ഒരു കളിക്കൂട്ടുകാരിയെ അന്വേഷിക്കാൻ തുടങ്ങിയത്. ഒടുവിൽ ആ അന്വേഷണം ചെന്നുനിന്നതോ ഹെയ്ദിയിലും.

ക്ലാരയുടെ വീട്ടിലെത്തിയ ഹെയ്ദിക്ക് എല്ലാം അമ്പരപ്പായിരുന്നു. വലിയ ബംഗ്ലാവും ഹൗസ്കീപ്പറായ റോട്ടൻമിയറും മറ്റു പരിചാരകരും അഷർ എന്ന അധ്യാപകനും അവളെ മറ്റേതോ ലോകത്താണ് കൊണ്ടെത്തിച്ചത്. ഗ്രാമത്തിൽ ജീവിച്ച അവൾക്ക് എന്തുചെയ്യണമെന്നോ എങ്ങനെ പെരുമാറണമെന്നോ അറിയില്ലായിരുന്നു. അതുകൊണ്ടുതന്നെ മന:പൂർവമല്ലെങ്കിലും അവളുടെ ചെയ്തികൾ വികൃതികളായി മാറി. ഇത്തരം പ്രവൃത്തികളൊന്നും റോട്ടൻമിയറിന് തീരെ ഇഷ്ടമായില്ല. ഇവ ക്ലാരയെ സ്വാധീനിക്കുമോ എന്ന് റോട്ടൻമിയർ ഭയന്നു. അവർ സെസിമനെ വീട്ടിലേക്കു വിളിച്ചുവരുത്തുകയും ഹെയ്ദിയെക്കുറിച്ചുള്ള പരാതികൾ നിരത്തുകയും ചെയ്തു. എന്നാൽ റോട്ടൻമിയറുടെ വാക്കുകൾ അപ്പാടെ വിശ്വസിക്കുവാൻ സെസിമിൻ തയ്യാറായിരുന്നില്ല. അതുകൊണ്ടുതന്നെ ക്ലാരയിൽനിന്നും ഹെയ്ദിയിൽനിന്നും അയാൾ തന്ത്രപൂർവ്വം കാര്യങ്ങൾ മനസ്സിലാക്കി. റോട്ട് മിയർ കരുതുന്നപോലെ ഹെയ്ദി അപകടകാരിയല്ലെന്നും അവളെ വിഷമിപ്പിക്കരുതെന്നും പറഞ്ഞ് സെസിമൻ അവരെ ആശ്വസിപ്പിക്കുന്നു. മാത്രവുമല്ല ക്ലാരയ്ക്ക് ഏറെ പ്രിങ്കരിയാണ് ഹെയ്ദി എന്നും

സെസിമൺ മനസ്സിലാക്കിയിരിക്കുന്നു.

അങ്ങനെയിരിക്കെയാണ് ക്ലാരയുടെ മുത്തശ്ശിയുടെ വരവ്. പേരക്കുട്ടിയുടെ പുതിയ കൂട്ടുകാരിയെ മുത്തശ്ശിക്കും ഏറെ ഇഷ്ടമായി. ഹെയ്ദിക്ക് എഴുതുവാനും വായിക്കുവാനും അയറിയില്ല എന്നത് മുത്തശ്ശിയെ അത്ഭുതപ്പെടുത്തി. മുത്തശ്ശി അവളെ അക്ഷരങ്ങൾ പഠിപ്പിച്ചു. ചിത്രപുസ്തകങ്ങളിലെയും ബൈബിളിലേയും കഥകൾ പറഞ്ഞുകൊടുത്തു. ഇതെല്ലാം ഹെയ്ദിക്ക് പുത്തൻ അനുഭവങ്ങളായി. തന്റെ ഹ്രസ്വസന്ദർശത്തിനു ശേഷം മുത്തശ്ശി മടങ്ങുമ്പോൾ ക്ലാരയോടൊപ്പം ഹെയ്ദിയുടെ മനസ്സും തേങ്ങി.

വലിയ ബംഗ്ലാവിലെ താമസവും ഇഷ്ടഭക്ഷണവും ക്ലാരയുടെ സൗഹൃദവും എല്ലാം ഉണ്ടായിട്ടും അങ്ങുദൂരെ ആൽപ്സ് പർവതനിരകൾക്കപ്പുറമുള്ള തന്റെ കൊച്ചുഗ്രാമത്തിന്റെ ഓർമകൾ ഹെയ്ദിയെ സദാ അലട്ടാൻ തുടങ്ങി. നാൾക്കുനാൾ കഴിയുന്തോറും ആ ചിന്തകൾ അവളുടെ ആരോഗ്യത്തെ തകർത്തു. അവളിൽ വന്ന മാറ്റം സെസിമൻ ശ്രദ്ധിച്ചു അദ്ദേഹം അവളെ ക്ലാരയുടെ ഡോക്ടറെ കാണിച്ചു. മുത്തച്ഛന്റെ ഗ്രാമത്തിൽ അദ്ദേഹത്തിനരികിൽ തിരികെപോകാൻ വെമ്പൽകൊള്ളുന്ന ആ മനസ്സുകാണാൻ ഡോക്ടർക്കു കഴിഞ്ഞു. അദ്ദേഹമത് സെസിമനെ അറിയിച്ചു.

"അവളെ നാട്ടിലേക്കു വിടുക. അല്ലെങ്കിൽ അവളുടെ ആരോഗ്യം വീണ്ടും മോശമാകും. ആരോഗ്യം വീണ്ടെടുത്ത ശേഷം വേണമെങ്കിൽ അവളെ മടക്കിക്കൊണ്ടുവരാം." അദ്ദേഹം പറഞ്ഞു.

ക്ലാരയെ പറഞ്ഞു മനസ്സിലാക്കുവാൻ സെസിമൻ ഒരുപാടു കഷ്ടപ്പെട്ടു. ക്ലാരയെ വിട്ടുപിരിയുന്നതിൽ ഹെയ്ദിക്കും വിഷമമായിരുന്നു.

"അസുഖം മാറിയശേഷം ഹെയ്ദി തിരിച്ചുവരും. അല്ലെങ്കിൽ നമുക്ക് അവളുടെ അടുത്തേക്കു പോകാം. "

സെസിമൻ ക്ലാരയ്ക്കു വാക്കുകൊടുത്തു. ഒരുപാടു സമ്മാനങ്ങളുമായാണ് സെസിമൻ അവളെ യാത്രയാക്കിയത്.

ഹെയ്ദിയുടെ അപ്രതീക്ഷിതവരവ് മുത്തച്ഛനെ സന്തോഷവനാക്കി. തനിക്കവളെ വീണ്ടും നഷ്ടപ്പെട്ടുമോയെന്ന് ഭയക്കാതെയുമിരുന്നില്ല. അവളുടെ തിരിച്ചുവരവിൽ പീറ്ററും കുടുംബവും തെല്ലൊന്നുമല്ല സന്തോഷിച്ചത്. ആംഅമ്മാവൻ അവളെ സ്കൂളിൽ ചേർത്തു. പീറ്ററോടൊപ്പമുള്ള സ്കൂൾയാത്ര അവളും ഏറെ ഇഷ്ടപ്പെട്ടിരുന്നു. ഒഴിവുസമയങ്ങളിൽ ക്ലാരയുടെ മുത്തശ്ശി പറഞ്ഞ ബൈബിൾകഥകൾ ഹെയ്ദി ആംഅമ്മാവനു പറഞ്ഞുകൊടുത്തു. ഇത് ആംഅമ്മാവന്റെ സ്വഭാവത്തിൽ മാറ്റങ്ങളുണ്ടാക്കി. ഒരുദിവസം ഗ്രാമവാസികളെയും പുരോഹിതരെയും അമ്പരപ്പിച്ചുകൊണ്ട് മുത്തച്ഛൻ ഹെയ്ദിയോടൊപ്പം പള്ളിയിലെത്തി.

നഷ്ടപ്പെട്ട ആരോഗ്യവും സന്തോഷവും ഹെയ്ദി തിരിച്ചെടുക്കുകയായിരുന്നു. അങ്ങനെയിരിക്കെ ഹെയ്ദിയെ കാണാൻ ദൂരെ നഗരത്തിൽനിന്നും ഒരു

വിരുന്നുകാരനെത്തി. ക്ലാരയുടെ ഡോക്ടർ. ഹെയ്ദിയെ കാണാൻ ക്ലാരയ്ക്കു വല്ലാത്ത തിടുക്കമായി. പക്ഷേ അവിടത്തെ കാലാവസ്ഥ അവൾക്കു ദോഷകരമാകുമോയെന്ന് സെസിമന് ആധിയായി. അതറിയാനാണ് ഡോക്ടറെ സെസിമൻ അയച്ചത്. വളരെപ്പെട്ടെന്നാണ് ഡോക്ടർ ഹെയ്ദിയുടെ മുത്തച്ഛനുമായി സൗഹൃദത്തിലായത്. അവരോടൊപ്പം ചെലവഴിച്ച ദിനങ്ങളിൽ സ്വന്തം ദു:ഖങ്ങൾപോലും അദ്ദേഹം മറന്നു.

ഡോക്ടർ മടങ്ങിയതിനുശേഷം ഏതാനും ദിവസങ്ങൾ കഴിഞ്ഞ് ഹെയ്ദിയെ കാണാനായി ക്ലാര എത്തി. സെസിമനും മുത്തശ്ശിയും അവളോടൊപ്പമുണ്ടായിരുന്നു. മുത്തച്ഛന്റെ നിർബന്ധപ്രകാരം ക്ലാരയെ കുറച്ചുദിവസം അവിടെ നിർത്തിയ ശേഷമാണ് മറ്റുള്ളവർ മടങ്ങിയത്. ആ ലോകത്ത് അരെക്കാളും നന്നായി ക്ലാരയെ പരിചരിക്കാൻ ഹെയ്ദിക്കും മുത്തച്ഛനും കഴിയുമെന്ന് സെസിമന് ഉറപ്പായിരുന്നു.

ക്ലാരയെ ചക്രകസേരയിൽ ഇരുത്തി ഹെയ്ദിയും മുത്തച്ഛനും അവളെ പുൽമേടുകളിൽ കാഴ്ചകൾ കണാൻ കൊണ്ടുപോയി. അവരുടെ ശ്രദ്ധയും സ്നേഹനിർഭരമായ പെരുമാറ്റവും മനോഹരമായ ആ ചുറ്റുപാടും ചക്രകസേരയുടെ സഹായമില്ലാതെ തടക്കാൻ അവൾക്കു പ്രേരണയായി. രണ്ടുകാലിൽ മെല്ലെമെല്ലെ അവൾ നടക്കുന്നത് അവർക്കു നയനാനന്ദകരമായ കാഴ്ചയായി. ഏതാനും ദിവസങ്ങൾക്കകം മകളെ കൂട്ടിക്കൊണ്ടുപോകാനെത്തിയ സെസിമനെയും മുത്തശ്ശിയെയും എതിരേറ്റത് ചക്രകസേരയുടെ അകമ്പടിയില്ലാതെ എത്തിയ ക്ലാരയായിരുന്നു. ആ കാഴ്ചകണ്ട് എന്തു ചെയ്യണമെന്നറിയാതെ അവർ സ്തബ്ധരായി. ഹെയ്ദിയോടും ആംഅമ്മാവനോടുമുള്ള തീർത്താൽ തീരാത്ത നന്ദി അവർ അറിയിച്ചു. ഇതിനുപകരം ഞാൻ എന്താണു ചെയ്യേണ്ടത് എന്ന സെസിമന്റെ ചോദ്യത്തിന് തനിക്കായി ഒന്നും ചെയ്യേണ്ടാ, പക്ഷേ തന്റെ കാലം കഴിഞ്ഞാൽ തന്റെ പേരക്കുട്ടി അനാഥയാകുമെന്നും അവളുടെ പരിരക്ഷ അങ്ങേക്ക് ഏറ്റെടുക്കാമോ എന്നുമാണ് ആംഅമ്മാവൻ ചോദിച്ചത്.ക്ലാരയെ കൂടാതെ തനിക്കൊരു മകൾകൂടി ഉണ്ടെന്നും അതു ഹെയ്ദിയാണെന്നും സെസിമൻ പറഞ്ഞു. ആംഅമ്മാവന്റ കാലശേഷം ഹെയ്ദിക്ക് യാതൊരു കുറവുമുണ്ടാകാതെ താൻ നോക്കിക്കൊള്ളാമെന്ന് സെസിമൻ ഉറപ്പുനൽകി. തങ്ങൾക്കു ദൈവം നൽകിയ എല്ലാ സൗഭാഗ്യങ്ങളോടും ഹെയ്ദിയും മുത്തശ്ശിയും നന്ദി പറയുന്നതോടെയാണ് ഈ നോവൽ അവസാനിക്കുന്നത്.

ഹെയ്ദിയെപ്പോലെയാകാൻ ഏതൊരു കുട്ടിയും ആഗ്രഹിക്കും. ഇതുപോലൊരു മകളെ ലഭിക്കാൻ ഏതൊരച്ഛനമ്മയും, ഇതുപോലൊരു കൂട്ടുകാരിയെ കിട്ടാൻ ഏതൊരു കുട്ടിയും കൊതിക്കും. ഈ അവധിക്കാലം ഹെയ്ദിയോടും ക്ലാരയോടുമൊപ്പം അല്പസമയം ചെലവഴിക്കാൻ നിങ്ങളും ശ്രമിക്കൂ.

**ബ്ലെസ്സി ബെനടിക്ട് (IX F)**

**കവിത**

## മഴ

തെയ്യം തെയ്യം താളത്തിൽ

കുടമണി കെട്ടുന്നാരാരോ

കുന്നുകൾ കേറി മറിഞ്ഞിട്ടി-

ന്നമ്പലമുറ്റത്തരയാലിൽ

കമ്പുകൾ കമ്പിതമാകും പോൽ

തുംബികൾ തംബുരു മീട്ടുംപോൽ

കലപിലകൂട്ടും കലഹംപോൽ

വെള്ളത്തുള്ളിയരഞ്ഞാണം

ചിന്നിച്ചിതറുമലങ്കാരം

കുന്നിമണിക്കും കുരുവിക്കും

കുഞ്ഞിക്കുട്ടനുമാഹ്ലാദം.



ഹെലീന കെ. *(9 G)*

## കൊല്ലംജില്ല കേരള ചരിത്രത്തിൽ

മലയാളത്തിന് അനവധി മഹത്തുക്കളെയും നിരവധി കലകളെയും സംഭാവന ചെയ്ത കൊല്ലം ജില്ല കേരള ചരിത്രത്തിലെ മുത്താണ്, പവിഴമുത്ത്.മലയാളത്തിലെ പ്രശസ്ത ചിത്രകാരൻ രാജാരവിവർമ ജനിച്ചത്, കൊല്ലംജില്ലയുടെ പൂർവ്വപ്രദേശത്താണ്. കഥകളിയുടെ പൂർവ്വരൂപമായ രാമനാട്ടം തുടങ്ങിയത് കേരളത്തിൽ നിന്നാണ്. പല തർക്കങ്ങളും ഈ വിഷയത്തിലുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നാണ് ഈ കലാരൂപം വന്നത് എന്ന പോലും. എന്നാൽ നമ്മുടെ  ജില്ലയിലെ കൊട്ടാരക്കരയിൽ നിന്നാണ് ഈ കല തുടങ്ങുന്നത്. മലയാളത്തിലെ അഗ്നിചിറകുള്ള അഗ്നിസാക്ഷിയായ ലളിതാംബിക അന്തർജനത്തെ സംഭാവന ചെയ്ത ജില്ലയാണ് കൊല്ലം. പ്രശ്തനായ കവി ബാലൻ

അതായത് പുനലൂർ ബാലൻ കൊല്ലത്തുകാരനാണ്. ഇവർ മലയാള സാഹിത്യത്തിലെ മുത്തുകളാണ്. തൂക്കുപാലം, പേപ്പർമിൽ, അച്ചടിഭാഷ സംസാരിക്കുന്ന രണ്ടാം ജില്ല എന്നീ നിലയിൽ കൊല്ലം പ്രശസ്തമാണ്.

**ശ്രീകുമാർ. ബി (IX G)**

**കവിത**

## ഞെക്കുവിളക്കുകൾ

കുട്ടി:

ചന്തമിയന്നൊരു വെട്ടം മാഞ്ഞു
അന്തി കനത്തിരുൾ മൂടുന്നു
കുറ്റിക്കാട്ടിൽ, വാഴത്തൊടിയിൽ
ഞെക്കുവിളക്കുകൾ തെളിയുന്നു!

അമ്മ:

കുഞ്ഞേ, തെരുവുവിളക്കുകളല്ലിതു
മിന്നാമിന്നിക്കൂട്ടങ്ങൾ;
ഇരുളിതകറ്റാൻ കഴിയുംമട്ടിൽ
ചൊരിയുകയത്രേ പൊൻവെട്ടം!



***യമുന കൃഷ്ണൻ, (IX G)***

**ഗണിതശാസ്ത്രം**

## സൗന്ദര്യത്തിന്റെ ഗണിതശാസ്ത്രം

ഒരു വസ്തുവിനെ മനോഹരമാക്കുന്നത് അതിന്റെ സൗന്ദര്യമാണെന്ന് നമുക്കറിയാം. വസ്തുക്കളുടെ സൗന്ദര്യം ഗണിതത്തിന്റെ മാർഗങ്ങളുപയോഗിച്ച് അളക്കാനാകും എന്നത് തികച്ചും വിശേഷപ്പെട്ട അറിവാണ്. വസ്തുക്കളുടെ ആകൃതിയിലാണ് പ്രകൃതി സൗന്ദര്യം നിറച്ചിട്ടുള്ളത്. ചില പ്രത്യേക രൂപങ്ങളും അളവുകളുമാണ് വസ്തുക്കളുടെ സൗന്ദര്യം. ഈരൂപങ്ങളിൽനിന്നും അളവുകളിൽനിന്നും ഒരു വസ്തു എത്രമാത്രം അകലുന്നുവോ അത്രമാത്രം വൈരൂപ്യം ആ വസ്തുവിനുണ്ടാകും. ഇതാണ് സൗന്ദര്യത്തിന്റെ

ഗണിതശാസ്ത്രം.

സൗന്ദര്യത്തിൻെറ ഗണിതശാസ്ത്രം ആദ്യമായി മനസ്സിലാക്കിയത് പുരാതന ഗ്രീക്കോ-റോമൻ സംസ്കാരകാലത്തായിരു-ന്നു. ഗ്രീക്ക ഗണിതശാസ്ത്രകാരനായ പൈതഗോറസിൻെറ (Pythagoras) സംഘക്കാരായിരുന്ന ഈ വസ്തുത കണ്ടെത്തിയത്. രൂപത്തിൽ പ്രതിസാമ്യത വ (Symmetry) യും അളവുകളിൽ കനകാനുപാത (golden ratio) വും കണ്ടെന്നാൽ വസ്തുക്കൾ കൂടുതൽ മനോഹരമാകും എന്നതയിരുന്ന അവരുടെ കണ്ടെത്തൽ. ജനിതകവൈകല്യങ്ങളോ മറ്റുകേടുപാടുകളോ സംഭവിക്കാത്ത പ്രപഞ്ചസൃഷ്ടികളിൽ എല്ലാംതന്നെ പൂർണമായ പ്രതിസാമ്യത ദർശിക്കാനാകുമെന്നും പൈതഗോറസ് സംഘക്കാർ വിശ്വസിച്ചിരുന്നു.

വസ്തുവിൽഒരു ഭാഗത്തിൻെറ പ്രതിബിംബം ബാക്കി ഭാഗത്തെ കൃത്യമായി ആവരണം ചെയ്യുന്ന അവസ്ഥയാണ് പ്രതിസാമ്യത. ദ്വിമാനചിത്രങ്ങളിൽ നേർരേഖയും വസ്തുക്കളിൽ തല (Plane) വും ആധാരമാക്കിയാണ് പ്രതിബിംബം കാണുന്നത്. ഇവയെ പ്രതിസാമ്യ അക്ഷം (axis of symmetry) എന്നു വിളിക്കുന്നു. ചില വസ്തുക്കളിൽ ഒന്നിലധികം പ്രതിസാമ്യ അക്ഷങ്ങൾ ഉണ്ടാകും. ഉദാബരണത്തിന് ഒരുസമഭുജത്രികൊണത്തിൻെറ മൂലകളിൽ നിന്നും എതിർഭുജങ്ങളുടെ മധ്യബിന്ദുക്കളിലേക്ക വരയ്ക്കുന്ന മൂന്നു നേർരേഖകളും ത്രികോണത്തിൻെറ പ്രതിസാമ്യത അക്ഷങ്ങളായിരിക്കും.വൃത്തത്തെ സംബന്ധിച്ചിടത്തോളം കേന്ദ്രബിന്ദുവിലൂടെ കടന്നുപോകുന്ന നേർരേഖകളെല്ലാം പ്രതിസാമ്യ അക്ഷങ്ങളാണ്. അതുപോലെ, ഗോളാകൃതിയിലുള്ള വസ്തുക്കളിൽ ഗോളത്തിൻെറ കേന്ദ്രബിന്ദു ഉൾക്കൊള്ളുന്ന തലങ്ങളെല്ലാം പ്രതിസാമ്യ അക്ഷങ്ങൾ ആകും. അകഷങ്ങളുടെ എണ്ണത്തിൻെറ വർധനവിനനുസരണമായി വസ്തുവിൻെറ ഭംഗി ഏറിവരുന്നു എന്നു കാണാം.

ഇറ്റലിയിലെ പിസ എന്ന പ്രദേശത്ത് എ.ഡി പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഫിബോനാച്ചി എന്ന ഗണിതശാസ്ത്രകാരനാണ് കനകാനുപാതത്തിൻെറ ഉപജ്ഞാതാവ്. ഫിബോനാച്ചി സംഖ്യാക്രമവു (Fibonacci sequence) മായി ബന്ധപ്പെടുത്തിയാണ് കനകാനുപാതം നിർവചിക്കപ്പെട്ടത്. 1, 1, 2, 3, 5, 8, 13....., ഇതാണ് ഫിബോനാച്ചി സംഖ്യാക്രമം. തുടർച്ചയായ രണ്ടു പദങ്ങളുടെ തുക തൊട്ടടുത്ത പദമായിവരുന്ന സംഖ്യകളുടെ ക്രമീകരണം, അതാണ് ഫിബോനാച്ചി സംഖ്യാക്രമം. ഫിബോനാച്ചി സംഖ്യാക്രമത്തിൽ തുടർച്ചയായ രണ്ട് പദങ്ങളുടെ അംശബന്ധം പദങ്ങൾ വലുതാകുന്തോറും 1.618033.... എന്ന സംഖ്യയോട് അടുക്കുന്നു. ഈ സംഖ്യയാണ് കനകാനുപാതം എന്ന പേരിൽ അറിയപ്പെടുന്നത്. Ø എന്ന ഗ്രീക്ക് അക്ഷരം ഉപയോഗിച്ചാണ് ഈ സംഖ്യ രേഖപ്പെടുത്തുന്നത്. Ø യുടെ വില പൊതുവായി 1.618034 എന്നു നിജപ്പെടുത്തുന്നു.

ഫിബോനാച്ചി രചിച്ച ലിബർ അബാക്കി (Liber abaci) എന്ന ഗ്രന്ഥത്തിലാണ് ഫിബോനാച്ചി സംഖ്യാക്രമം ആദ്യമായി അവതരിപ്പിച്ചത്. മുയലുകളുടെ

വംശവർധനയുമായി ബന്ധപ്പെട്ട പഠനങ്ങളാണ് ഈ കണ്ടെത്തലിന് നിദാനമായത്. ഒരു മുയൽ ഒരു മാസംകൊണ്ട് പ്രായപൂർത്തിയായി ഒരു കുഞ്ഞിനു ജന്മം നൽകുന്നു എങ്കിൽ n- ാമത്തെ മാസത്തിൽ മുയലുകളുടെ ആകെയെണ്ണം ഈ സംഖ്യാക്രമത്തിലെ n- ാമത്തെ പദസംഖ്യ ആയിരിക്കുമെന്നാണ് ഇവിടത്തെ കണ്ടെത്തൽ.

ചില സസ്യങ്ങളിൽ ഇലകൾ മുളയ്ക്കുന്നതും തേനീച്ച പെറ്റുപെരുകുന്നതുമെല്ലാം ഫിബോനാച്ചി സംഖ്യാക്രമത്തിലാണെന്ന് ഫിബോനാച്ചി മനസ്സിലാക്കി. സൂര്യകാന്തിപൂവിനുള്ളിൽ ഇതളുകൾ വൃത്താകാരത്തിൽ നിരകളായിട്ടാണ് കാണപ്പെടുന്നത്. നിരകളിൽ ഉൾപ്പെട്ടിട്ടുള്ള ഇതളുകളുടെ എണ്ണം ഫിബോനാച്ചി സംഖ്യാക്രമത്തിലാ- ണെന്നും കണ്ടെത്തിയിട്ടുണ്ട്. സൂര്യപ്രകാശം പരമാവധി ലഭിക്കത്തക്ക- വിധത്തിൽ ഇതളുകൾ അടുക്കാനുള്ള മാർഗവും ഇതുതന്നെയാണെന്നും പറയപ്പെടുന്നു. കൂടാതെ ഫലങ്ങൾക്കുള്ളിൽ വിത്തുകൾ ഫിബോനാച്ചി സംഖ്യാക്രമത്തിൽ അടുക്കിയിരിക്കുന്നതിനും നിരവധി ഉദാഹരണങ്ങളുണ്ട്. ഇങ്ങനെ പ്രകൃതിയിൽ എവിടെയും ഫിബോനാച്ചി സംഖ്യാക്രമത്തിൽ വസ്തുക്കളുടെ ക്രമീകരണം കാണുന്നതിനാൽ ഇത്തരം സംഖ്യകൾ പ്രകൃതിയുടെ നിയമമായിട്ടാണ് കണക്കാക്കപ്പെടുന്നത്.

കനകാനുപാതം ചിത്രങ്ങളിലും ശിൽപ്പങ്ങളിലും

പ്രസിദ്ധങ്ങളായ പല ചിത്രങ്ങളുടെയും നീളവും വീതിയും തമ്മിൽ കനകാകുപാതം നിലനിൽക്കുന്ന ചതുരങ്ങൾ കനകചതുരം (golden rectangle) എന്ന പേരിൽ അറിയപ്പെടുന്നു. ലിയനാർഡോ ഡാവിഞ്ചിയുടെ രചനകളെല്ലാംതന്നെ കനകചതുരങ്ങൾക്കുള്ളിലാണ് കാണപ്പെടുന്നത്. മനുഷ്യന്റെ പാദം മുതൽ പൊക്കിൾവരെയുള്ള ഉയരവും പൊക്കിൾ മുതൽ ശിരസ്സുവരെയുള്ള ഉയരവും തമ്മിലുള്ള അനുപാതമാണ് സൗന്ദര്യത്തിന്റെ അളവായി കണക്കാക്കപ്പെടുന്നത്. ലോകോത്തരങ്ങളായ മിക്ക ചിത്രങ്ങളിലും ശിൽപ്പങ്ങളിലും ഈ അളവുകൾ കനകാകുപാതത്തിലാണെന്ന കാണാം. മൈക്കലാഞ്ചലോയുടെ വിഖ്യാതമായ ഡേവിഡ് പ്രതിമ ഇതിനൊരുദാ- ഹരണമാണ്. വാസ്തുവിദ്യയിൽ അഴകുള്ള പലരൂപങ്ങളുടെയും അളവുകളിൽ കനകാകുപാതം ദൃശ്യമാണ്. പുരാതനഗ്രീസിലെ പാർതിനോൺ ദേവാലയം, പാരീസിലെ നോട്ടർഡാം ദേവാലയം, ലോകത്തിൽവച്ച് ഏറ്റവും ഉയരമുള്ള ടൊറണ്ടോയിലെ സിയൻ ഗോപുരം, ഇവയുടെയെല്ലാം അളവുകളിൽ കനകാകുപാതം കാണപ്പെടുന്നു. മുദ്രണ കലയിൽ കടലാസിന്റെ വലിപ്പം, ചിത്രങ്ങളുടെയും മറ്റും സംവിധാനം തുടങ്ങിയ കാര്യങ്ങളിലും ഈ സൗന്ദര്യതത്ത്വം പലപ്പോഴും പാലിക്കപ്പെടാറുണ്ട്.

പ്രതിസാമ്യതയ്ക്കുദാഹരണങ്ങൾ

ലോകത്ത് അറിയപ്പെടുന്ന മിക്ക നിർമിതികളുടെയും സൗന്ദര്യം അവയുടെ

പ്രതിസാമ്യതയെ ആശ്രയിച്ചിരിക്കുന്നതായി കാണാം. ഉദാഹരണമായി ലോകാത്ഭുതങ്ങളിൽ ഒന്നായ താജ്മഹലിൻെറ സൗന്ദര്യംഅതിൻെറ പ്രതിസാമ്യതയിൽ അധിഷ്ഠിതമാണ്. ഹർമ്യത്തിനുള്ളിലെ ശവകുടീരത്തിൻെറ മധ്യഭാഗത്ത് ലംബമായി ഒരു ദർപ്പണം സങ്കൽപ്പിച്ചാൽ ഇത് കെട്ടിടത്തിൻെറ പ്രതിസാമ്യ അക്ഷം ആകുമെന്ന് കാണാം. കാരണം, ഈ ദർപ്പണത്തിൽ മഹലിൻെറ ഇടതു ഭാഗത്തിൻെറ പ്രതിബിംബം വലതുഭാഗത്തെ കൃത്യമായി ആവരണം ചെയ്യും. മറിച്ച്, വലതുഭാഗത്തിൻെറ പ്രതിബിംബം ഇടതുഭാഗത്തെയും കൃത്യമായി ആവരണം ചെയ്യും. നമ്മുടെ പഴയ നാലുകെട്ടുകളും ദേവാലയങ്ങളുമെല്ലാം പ്രതിസാമ്യത അടിസ്ഥാനമാക്കിയുള്ള നിർമിതികൾക്ക് ഉദാഹരണമാണ്.

ശാരീരികസൗന്ദര്യത്തിൻെറ ഗണിതം

ശാരീരികസൗന്ദര്യത്തിൻെറ ഗണിതം വളരെ ലളിതമാണ്. മുഖസൗന്ദര്യത്തിന് പ്രതിസാമ്യതയും ഉയരത്തിന് കനകാനുപാതവും ഇതാണ് സൗന്ദര്യത്തിൻെറ അളവുകോൽ. മുഖം പൂർണ്ണചന്ദ്രനോടുപമിക്കാറില്ലേ? പൂർണ്ണചന്ദ്രൻ വൃത്താകാരത്തിലാണ്. വൃത്തത്തിൻെറ പ്രതിസാമ്യത അനന്തവും. കൂടാതെ, മനുഷ്യശരീരത്തിൽ

പൊക്കിൾ മുതൽ ശിരസ്സുവരെയുള്ള ഉയരത്തിൻെറ ഒന്നര (കൃത്യമായി 1.618034) മടങ്ങാണ് പാദം മുതൽ പൊക്കിൾവരെയുള്ള ഉയരം എങ്കിൽ ഈ അളവുകൾ കനകാനുപാതത്തിൽ ആയതിനാൽ ഉയരത്തിലും സൗന്ദര്യം ഉണ്ടായിരിക്കും.



**അൽത്താഫ്. എൻ** *(VIII F)*

# Galleria

## പ്രവേശനോൽസവം 2018






## Environment Day






# NCC Enrollment




# Yoga Day




# Goretti Day





# Sports Overall Championship



# Inauguration Of TV and Drinking Water Facility





## വയോജന ദിനം






# Goretti FM




# Honouring Sports Stars



# Teachers' Day







## നല്ല പാഠം - Relief Fund



## Dinning Hall Inauguration





# സ്നേഹ സന്ദേശ യാത്ര

## (Visit to flood affected regions)

## Inauguration by

## Kidangannur Grama

## Panchayat President








# മികവുൽസവം 2018



# Home Visit By Teachers Of Goretti






# Little Kites Sub District Camp



# Alumni Meet



# NCC





# Independence Day



# JRC



## കുട്ടനാടിനൊരു കൈത്താങ്ങ് (JRC)







## സേവന വാരം





# Thanks

Thanks To Everyone those who helped us in fulfilling this dream.
Special Thanks to Our Respected Headmistress Jaisy Philip Teacher.
Kite Master Abey Joseph Sir,
Kite Mistress Anumol Teacher,
Joint SITC Christy V. James Sir,
Sumith Samuel Sir
And to all members of Little Kites St Goretti Unit.